## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 850 28-09-2011 ൽ മറുപടിയ്ക്ക്

### പ്രാക്തന ഗോത്രവർഗ്ഗങ്ങളുടെ വികസനക്ഷേമ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എ.വാഹീദ്:<br>ശ്രീ.കെ.ശിവദാസൻ നായർ:<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ:<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി: | ശ്രീമതി. പി.കെ.ജയലക്ഷ്മി<br>പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി |
| (എ) പ്രാക്തന ഗോത്രവർഗ്ഗങ്ങളുടെ വികസനക്ഷേമ പ്രവർത്തനത്തിനുള്ള പ്രത്യേക പദ്ധതികൾ എന്തെല്ലാമാണ്; | (എ) കേരളത്തിലെ പ്രാക്തനഗോത്രവർഗ്ഗക്കാരുടെ സമഗ്രവികസനം ലക്ഷ്യമാക്കി ഭവന നിർമ്മാണം ആരോഗ്യം, കുടിവെള്ളം, പോക്ഷകാഹാരം, വൈദ്യുതി, റോഡുകൾ, ഭൂരഹിതരായവർക്ക് ഭൂമി നൽകൽ എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു. കൂടാതെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി, ജീവനോപാധിക്കുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നു. അട്ടപ്പാടിയിൽ അധിവസിക്കുന്ന പ്രാക്തനഗോത്രവർഗ്ഗത്തിൽപ്പെട്ട കുറുമ്പ സമുദായത്തിന് ജീവനോപാധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ അഹാഡ്സിനെ ചുമതലപ്പെടുത്തിയിരിക്കുന്നു. കൂടാതെ മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിൽ അധിവസിക്കുന്ന ചോലനായ്ക്കൻ വിഭാഗത്തിൽപ്പെട്ട പ്രാക്തനഗോത്രവർഗ്ഗക്കാർക്കുവേണ്ടി വിവിധ ജീവനോപാധി പദ്ധതികൾ നടപ്പിലാക്കുന്നതിന് കേരള മഹിളാസമഖ്യാസൊസൈറ്റിയെ ചുമതലപ്പെടുത്തിയിരിക്കുന്നു. കൂടാതെ കാസർഗോഡ്, വയനാട്, തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ താമസിക്കുന്ന ഗോത്രവർഗ്ഗക്കാർക്കായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുവേണ്ടി പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസർ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൃഷി, കന്നുകാലി വളർത്തൽ എന്നിവയിൽ താല്പര്യമുള്ളതിനാൽ ആട്, പോത്തുകുട്ടി, പശുക്കുട്ടി എന്നിവ നൽകിവരുന്നുണ്ട്. 2008-2009 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ പ്രാക്തന ഗോത്രവർഗ്ഗക്കാർക്കു മാത്രമായി വീട് വയ്ക്കുന്നതിനും ഉപ |

| | |
|---|---|
| | ജീവന പദ്ധതികൾ നടപ്പിലാക്കുന്നതിനും വേണ്ടി 9.6 കോടി രൂപ അനുവദിച്ച് നൽകുകയും പ്രസ്തുത തുക പൂർണ്ണമായും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പതിമൂന്നാം ധനകാര്യ കമ്മീഷന്റെ ഭാഗമായി ആരോഗ്യം, പരിസ്ഥിതി പരിപാലനം, വിദ്യാഭ്യാസം കുടിവെള്ളം, പോക്ഷാകാഹാരം, ഭവന നിർമ്മാണം, വൈദ്യുതീകരണം, റോഡ് നിർമ്മാണം, ഭൂമി വാങ്ങി നൽകൽ എന്നിവയ്ക്കായി 148 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) ഇവയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) ഗോത്രവർഗ്ഗസമൂഹങ്ങൾ അധിവസിക്കുന്ന മേഖലകളിൽ പ്രവർത്തിച്ചു വരുന്ന ഊരുകൂട്ടങ്ങളുടെ പ്രവർത്തനം ശാക്തീകരിക്കുക, ഭൂരഹിതരായ കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിനും, വീട് വയ്ക്കുന്നതിനും സാമ്പത്തിക സഹായം നൽകുക, കോളനികളോട് അനുബന്ധിച്ച് അംഗൻവാടികൾ ആരംഭിക്കുക, കുട്ടികളുടെ പ്രീപ്രൈമറി, പ്രൈമറി വിദ്യാഭ്യാസത്തിനായി പെരിപെറ്റിക് സെന്ററുകൾ സ്ഥാപിക്കുക, വൈദ്യുതി ലഭ്യമല്ലാത്ത വീടുകളിൽ സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കുക. മുതിർന്നവരുടെയും കുട്ടികളുടെയും ആരോഗ്യസംരക്ഷണത്തിനായി മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ സേവനം ലഭ്യമാക്കുക, കുടിവെള്ളം ലഭ്യമല്ലാത്ത കോളനികളിൽ ശുദ്ധജലം ലഭ്യമാക്കുന്നതിനുവേണ്ടി കിണറുകൾ കുഴിച്ച് കുടിവെള്ളം ഉറപ്പുവരുത്തുക, സാനിറ്റേഷനില്ലാത്ത വീടുകളിൽ കക്കൂസ് നിർമ്മിച്ച് നൽകുക. ബാങ്കുകളിൽ നിന്നും വായ്പയെടുത്ത് തിരിച്ചടയ്ക്കാൻ കഴിയാത്ത കുടുബങ്ങൾക്ക് കടാശ്വാസ പദ്ധതി നൽകുക, കോളനി സ്ഥിതി ചെയ്യുന്ന സ്ഥലങ്ങളിലേയ്ക്ക് റോഡ് നിർമ്മിച്ച് ഗതാഗത സൗകര്യം ഉറപ്പുവരുത്തുക എന്നിവയാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (സി) ഈ പദ്ധതികൾക്ക് കേന്ദ്രസഹായം ലഭ്യമാണോ, വിശദാംശങ്ങൾ എന്തെല്ലാം; | (സി) പ്രസ്തുത പദ്ധതികളെല്ലാം കേന്ദ്ര സഹായ പദ്ധതികളാണ്. |

| | |
|---|---|
| (ഡി) ആദ്യഘട്ടത്തിൽ ഈ പദ്ധതികൾ എവിടെയൊക്കെയാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്? | (ഡി) തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കാസർഗോഡ് എന്നിവിടങ്ങളിലാണ് നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ